STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.80 /PR/SPMC/PHQ/2026 Date: 21.02.2026

## ലഹരിക്കെതിരെ പോലീസിന്റെ പോരാട്ടം: തിരുവനന്തപുരം സിറ്റി പോലീസും ഫിറ്റ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന സൈക്കിൾ റാലി സംസ്ഥാന പോലീസ് മേധാവി ഫ്ളാഗ് ഓഫ് ചെയ്യും

തിരുവനന്തപുരം സിറ്റി പൊലീസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം സിറ്റി നാർക്കോട്ടിക് സെല്ലും കേന്ദ്ര സർക്കാരിന്റെ ഫിറ്റ് ഇന്ത്യയും സംയുക്തമായി ലഹരിക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സംഘടിപ്പിക്കുന്ന സൈക്കിൾ റാലി 'സേ നോ റ്റു ഡ്രഗ്സ്, യെസ് റ്റു ലൈഫ്' നാളെ (2026 ഫെബ്രുവരി 22, ഞായറാഴ്ച) രാവിലെ 06.00 മണിക്ക് മാനവീയം വീഥിയിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ ഫ്ളാഗ് ഓഫ് ചെയ്യും.

മാനവീയം വീഥിയിൽ നിന്ന് ആരംഭിക്കുന്ന സൈക്കിൾ റാലി വഴുതക്കാട്, പാളയം, മ്യൂസിയം വഴി സഞ്ചരിച്ച് മാനവീയം വീഥിയിൽതന്നെ സമാപിക്കും.

എ.ഡി.ജി.പി എച്ച് വെങ്കിടേഷ്, ഐ.ജി ജി. സ്പർജൻ കുമാർ, ഡി.ഐ.ജിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ കാർത്തിക് കെ എന്നിവരെക്കൂടാതെ മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുക്കും.

സൈക്കിൾ റാലിക്ക് പുറമെ ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി യോഗ, സൂംബ ഡാൻസ് തുടങ്ങിയ കായിക പരിപാടികളും നടക്കും. സൈക്കിൾ ഇല്ലാത്തവർക്കും ഈ കായിക പരിപാടികളിൽ പങ്കുചേരാവുന്നതാണ്. ഭാവി തലമുറയെ ലഹരിയിൽ നിന്ന് പൂർണമായി സംരക്ഷിക്കാനുള്ള തിരുവനന്തപുരം സിറ്റി പോലീസിന്റെ ഈ

പരിശ്രമത്തിൽ പ്രായഭേദമന്യേ എല്ലാ നഗരവാസികളും പങ്കെടുക്കണമെന്ന് സിറ്റി പോലീസ് കമ്മീഷണർ അഭ്യർത്ഥിച്ചു.

*************************